ശ്രീ. എ. എൽ. ജേക്കബ്: പരാതി ലഭിച്ചിട്ടുണ്ട്. ഈ പണി മുന്നോട്ടു കൊണ്ടുപോകണമെന്നു പറഞ്ഞ് ചിലരിൽനിന്നും നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. കേശവൻ: കൃഷിക്കാർ നൽകിയ നിവേദനത്തിൻമേൽ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അതാണു ഞാൻ പറഞ്ഞത്, ചിലർ ഇതാവശ്യമില്ലെന്നു പറഞ്ഞും ചിലർ ഇതാവശ്യമുണ്ടെന്നു പറഞ്ഞും നിവേദനങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. ഈപ്പൻ കണ്ടക്കുടി: കുട്ടനാട് ഡെവലപ്പ്മെൻറ് സ്കീമനു സരിച്ച് നടത്തുന്ന ഈ കല്ലുകെട്ടുപരിപാടി ഉൽപ്പാദനച്ചെലവുമായി പൊരുത്തപ്പെടാത്ത ഒരു സ്ഥിതി സംജാതമാക്കിയിട്ടുണ്ട്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കു കൂടുതൽ പണിയെടുക്കുന്നതിനും മറ്റുമായി ഇത് മേജർ—മൈനർ ഇറിഗേഷൻ വർക്കുകളിലുൾപ്പെടുത്തി കെ. എൽ. ഡി. സി. യിൽനിന്നും പിൻവലിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റി ആലോചിക്കാം.

ശ്രീ. പി. പി. എസ്തോസ്: ബണ്ടുപദ്ധതി കുട്ടനാട്ടിലും കായൽശൂരിലും വേണമെന്ന് കെ. പി. പ്രഭാകരനും എൻ. ഐ. ദേവസ്സിക്കുട്ടിയും വളരെയേറെ പ്രാവശ്യം പറഞ്ഞുകേട്ടിട്ടുള്ളതാണ്. ഓരോ കൃഷിക്കാരനും ഒരു ഹെക്ടറിന് പ്രതിവർഷം എത്രരൂപ തിരിച്ചടയ്ക്കണമെന്നുള്ള കണക്കു കൂട്ടിയിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: വിശദമായ കണക്കുകൾ തൽക്കാലം കൈവശമില്ല.

മൽസ്യത്തൊഴിലാളി സഹകരണസംഘം

* 623 [672] ശ്രീ. കെ. ടി. കുമാരൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, എം. കെ. കേശവൻ:
,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ച് പകരം കാർഷിക മേഖലയിലെ സർവ്വീസ് സഹകരണസംഘങ്ങളുടെ മാതൃകയിൽ സഹകരണസംഘം രൂപീകരിക്കാൻ വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത്തരം സംഘങ്ങളുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കും;

(സി) ഈ സംഘങ്ങളിലൂടെ മൽസ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) ബിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയതിനുശേഷം മാത്രമേ അത്തരം സംഘങ്ങളുടെ പ്രവർത്തനം ആരംഭിക്കുകയുള്ളു.

(സി) മൽസ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവുമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനമാണ് സംഘങ്ങൾക്കുള്ളത്. മൽസ്യത്തൊഴിലാളികൾക്ക് തൊഴിൽ കണ്ടെത്തുന്നതിനായി വായ്പയും മൽസ്യബന്ധനോപകരണങ്ങളും നൽകുകയും മൽസ്യോൽപ്പാദനത്തോത് വർദ്ധിക്കുന്നതോടൊപ്പം അവയുടെ സംഭരണം, സംസ്കരണം, വിപണനം എന്നീ തുറകളിൽ വേണ്ട സൗകര്യങ്ങൾ സംഘങ്ങൾക്കു ലഭ്യമാകുന്നതുമാണ്.

കൂടാതെ മൽസ്യത്തൊഴിലാളികൾക്ക് പാർപ്പിട സൗകര്യങ്ങൾ, അവശ്യ സാധനങ്ങളുടെ വിതരണം, വൈദ്യസഹായം, മൽസ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയും ഇത്തരം സംഘങ്ങളുടെ സേവന മേഖലകളായിരിക്കണമെന്ന് ഉദ്ദേശിക്കുന്നു.

ശ്രീ. കെ. ടി. കുമാരൻ: ഇന്ന് മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ബോട്ടുകൾ വിതരണം ചെയ്യുന്നുണ്ട്. ഡയറക്ടർമാർ ബോണ്ടും എഗ്രിമെൻറുമൊക്കെ വച്ചിട്ടുള്ളതിൻെറ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. മൽസ്യത്തൊഴിലാളികൾ എഴുപതു ശതമാനത്തോളം വില ഗവൺമെൻറിലേക്കടയ്ക്കുകയും പിന്നീട് അടയ്ക്കാൻ സാധിക്കാത്തതിൻെറ പേരിൽ അവ സീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ബോട്ടിൻെറ യഥാർത്ഥ വിലയെക്കാൾ കൂടുതൽ സംഖ്യ ഗവൺമെൻറിനു പിരിഞ്ഞു കിട്ടിയിട്ടുമുണ്ട്. എന്നിട്ടും ആ പഴയ ഡയറക്ടറുടെ പേരിൽ അദ്ദേഹം എഗ്രിമെൻറിൽ ഒപ്പുവച്ചു എന്നുള്ള കാരണത്താൽ ആ സംഖ്യ ഈടാക്കുന്നതിനു നടപടി സ്വീകരിക്കുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ശരിയാണോ എന്നല്ല നിയമ പ്രകാരം ഇന്ന് അങ്ങനെയാണ് ചെയ്യുന്നത്.

ശ്രീ. എം. കെ. കേശവൻ: മൽസ്യത്തൊഴിലാളികൾക്കു ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതികൂടി ഉണ്ടെന്നു പറഞ്ഞു. ഇതിനുമുൻപ് അവർക്കു നിർമ്മിച്ചുകൊണ്ടിരുന്ന ഭവനങ്ങളുടെ പണി പൂർത്തിയായിട്ടില്ല. അതുകൂടി ഏറെറടുത്ത് പൂർത്തിയാക്കിക്കൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പൂർത്തിയാകാത്ത വീടുകൾ തീർച്ചയായും പൂർത്തിയാക്കിക്കൊടുക്കേണ്ടതാണ്.

ശ്രീ. വി. കെ. രാജൻ: വളരെയേറെ ചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന മൽസ്യത്തൊഴിലാളികളെ മുഴുവൻ ഈ പദ്ധതിയിൽ കൊണ്ടുവരുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ബിൽ നടപ്പായശേഷം മാത്രമേ ആരംഭിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: ഇന്നു നിലവിലുള്ള സംഘങ്ങൾ പൂർണ്ണമായും പ്രവർത്തനം നിലച്ച സ്ഥിതിയിലാണ്. അതുകാരണം മൽസ്യത്തൊഴിലാളികൾക്കു യാതൊരുവിധ ഗുണങ്ങളും കിട്ടുന്നില്ല. ഗവൺമെൻറ് ഉണ്ടാക്കാൻ പോകുന്ന സഹകരണസംഘങ്ങൾ എന്നത്തേക്കു രൂപീകരിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിനെ സംബന്ധിച്ച ബിൽ ഈ സഭയിൽ വരാൻപോകുകയാണ്. അപ്പോൾ ഈ സംഗതികളെല്ലാം ശ്രദ്ധിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ: മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി ഡിസ്ട്രിക്ട് സർവ്വീസ് ബാങ്കുകൾ രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർവ്വീസ് സഹകരണസംഘങ്ങൾ തന്നെ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടില്ല. അതിനുശേഷമല്ലേ ഡിസ്ട്രിക്ട് സർവ്വീസ് ബാങ്കുകൾ വരികയുള്ളൂ.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി: മൽസ്യത്തൊഴിലാളികളുടെ പട്ടികയിൽ മൽസ്യവിൽപ്പനത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താത്തതുകൊണ്ട് അവർക്ക് ആനുകൂല്യം കിട്ടുന്നില്ല. അവരെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ 'ഫിഷർമെൻ' എന്നതിന്റെ നിർവ്വചനത്തിൽ മത്സ്യ വിൽപ്പനത്തൊഴിലാളികൾ ഉൾപ്പെടുന്നില്ല. മൽസ്യത്തൊഴിലാളി കോർപ്പറേഷൻ ഉണ്ടാക്കുമ്പോൾ അവരെക്കൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ട്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പോഷകാഹാര കേന്ദ്രങ്ങൾ

* 624 [662] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യത്തിന് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(1) ഗ്രാമപ്രദേശത്ത് കൂടുതൽ പോഷകാഹാര കേന്ദ്രങ്ങൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പുമന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

ബ്ലോക്കുതലത്തിൽ അനുവദിച്ചിട്ടുള്ള പോഷകാഹാര കേന്ദ്രങ്ങൾ ഗ്രാമപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഓരോ വർഷവും ഇൻഡ്യാ ഗവൺമെൻറ് നിശ്ചയിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം അനുസരിച്ചാണ് കൂടുതൽ പോഷകാഹാര കേന്ദ്രങ്ങൾ അനുവദിക്കാറുള്ളത്. അടുത്ത വർഷവും അതുപ്രകാരം കൂടുതൽ കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly